**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3027** **18-03-2022 - ൽ മറുപടിയ്ക്ക്**

**വലിയപറമ്പ് ദ്വീപ് പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് ദ്വീപ് പഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹരിക്കാൻ എന്തൊക്ക പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് പഞ്ചായത്തിലെ ശുദ്ധജല കണക്ഷൻ ലഭ്യമല്ലാത്ത മുഴുവൻ ഗ്രാമീണ ഭവനങ്ങൾക്കും ശുദ്ധജല കണക്ഷൻ ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള പദ്ധതിക്ക് ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2561.58 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. വലിയപറമ്പ് പഞ്ചായത്തിനും സമീപ പഞ്ചായത്തുകളായ തൃക്കരിപ്പൂർ, ചെറുവത്തൂർ, പിലിക്കോട്, പടന്ന എന്നിവ ഉൾപ്പെടെ 5 പഞ്ചായത്തുകൾക്കായി ഒരു ബൃഹത് പദ്ധതിയാണ് ഇതിനായി വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതിയുടെ ശുദ്ധീകരണ ശാല ഉൾപ്പെടെയുള്ള ഘടകങ്ങൾ നിർമിക്കുന്നതിന് 10 സ്ഥലങ്ങളിലായി 335 സെന്റ് സർക്കാർ/ ഡിപ്പാർട്ട്മെന്റ് സ്ഥലങ്ങളും ഒരു സ്വകാര്യ വ്യക്തിയുടെ 30 സെൻറ് സ്ഥലവും ആവശ്യമായിട്ടുള്ളതിനാൽ മേൽ പറഞ്ഞ ഭൂമികൾ ലഭ്യമാകുന്നതോടെ പദ്ധതിയുടെ ടെൻഡർ നടപടികൾ ആരംഭിക്കുന്നതാണ്. ജല ജീവൻ മിഷൻ പദ്ധതികൾ 2024-നുള്ളിൽ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ